**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1119** **09-10-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് ഫ്ലാറ്റ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് എത്ര ഫ്ലാറ്റുകൾ ഇതുവരെ നിർമ്മിച്ചിട്ടുണ്ടെന്നും ഇതുവഴി എത്ര കുടുംബങ്ങൾക്ക് വീട് ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; മത്സ്യത്തൊഴിലാളികളിൽ എത്രപേർ ഇനിയും ഭവനരഹിതരായിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ? | (എ) | വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

<u>ഫിഷറീസ് വകുപ്പ് മുഖേന വിവിധ ജില്ലകളിൽ നടപ്പിലാക്കി വരുന്ന ഫ്ലാറ്റ് നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ</u>

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന അഭിമാന പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ വകപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപികരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ, സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറിതാമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. കൂടാതെ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഫിഷറീസ് വകുപ്പ് 2018-ൽ നടത്തിയ സർവ്വേ പ്രകാരവും ലഭിച്ച അപ്പീൽ അപേക്ഷകൾ പ്രകാരവും 22169 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നുണ്ടെങ്കിലും, 8845 കുടുംബങ്ങളാണ് നിലവിൽ പുനർഗേഹം പദ്ധതി പ്രകാരം മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4359 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3740 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2361 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 744 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. കൂടാതെ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് ഫ്ലാറ്റുകൾ നിർമ്മിച്ചും പുനരധിവാസം നടപ്പിലാക്കി വരുന്നു. നിർമ്മാണം പൂർത്തീകരിച്ച 390 ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

<u>ഗുണഭോക്താക്കൾക്ക് കൈമാറിയ ഫ്ലാറ്റുകൾ</u>

| **ഫ്ലാറ്റ്** | **എണ്ണം** |
|---|---|
| കാരോട് | 128 |
| ബീമാപ്പള്ളി | 20 |
| QSS കോളനി | 114 |
| പൊന്നാനി | 128 |
| **ആകെ** | **390** |

ഇപ്രകാരം 2751 കുടുംബങ്ങൾ പൂർണ്ണമായും പുനരധിവസിക്കപ്പെട്ടു. കൂടാതെ പദ്ധതി പ്രകാരമുള്ള 1112 ഫ്ലാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

നിർമ്മാണത്തിലുള്ള ഫ്ലാറ്റുകൾ

| ഭവന സമുച്ചയം | എണ്ണം | ഭരണാനുമതി തുക (കോടിയിൽ) |
|---|---|---|
| മണ്ണംപുറം | 204 | 25.03 |
| മുട്ടത്തറ | 400 | 81.0 |
| നിറമരുതൂർ | 16 | 2.10 |
| വെസ്റ്റ്ഹിൽ | 80 | 13.54 |
| പൊന്നാനി | 100 | 14.33 |
| കോയിപ്പാടി | 144 | 23.20 |
| കടകംപള്ളി | 168 | 37.62 |
| | **1112** | **196.82** |

പുനരധിവാസത്തിനായി ഫിഷറീസ് വകുപ്പിന് കൈമാറിക്കിട്ടിയ മുട്ടത്തറയിലെ 2 ഏക്കർ ഭൂമിയിൽ 96 ഫ്ലാറ്റുകൾ നിമ്മിക്കുന്നതിനുള്ള 20.7 കോടിരൂപയുടെ പദ്ധതിയും, സർക്കാരും സെന്റ് ആന്റണീസ് സ്കൂളും പരസ്പരം കൈമാറിയ പ്രകാരം വലിയതുറയിൽ ഫിഷറീസ് വകുപ്പിന് കൈമാറി ലഭിച്ച 36.752 സെന്റ് സ്ഥലത്ത് 24 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള 2.74 കോടി രൂപയുടെ പദ്ധതിയും, കാരോട് രണ്ടാം ഘട്ടമായി 24 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി 14 സെന്റ് സ്ഥലം സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കുന്നതിനുള്ള പദ്ധതിയും സർക്കാരിന്റെ പരിശോധനയിൽ ആണ്.

പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി 76.92 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാകളക്ടർ/ലാന്റ് & റവന്യൂ കമ്മീഷണർ/ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു.

നിലവിൽ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി രൂപികരിച്ചിട്ടുള്ള ലൈഫ് മിഷൻ ഭവന രഹിതരായ 29885 മത്സ്യതൊഴിലാളികളുടെയും, ഭൂമിയും വീടുമില്ലാത്ത 18167 മത്സ്യതൊഴിലാളികളുടെയും പട്ടിക നൽകിയിരുന്നു. ആയതിൽ ഭവന രഹിതരായ ഗുണഭോക്താക്കളിൽ 12457 ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചു. ഭൂമിയും വീടുമില്ലാത്ത ഗുണഭോക്താക്കളിൽ 266 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.